**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 178** **06-07-2022 - ൽ മറുപടിയ്ക്ക്**

**വർഗ്ഗീയ, തീവ്രവാദ പ്രസ്ഥാനങ്ങളെ അടിച്ചമർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ചില വർഗ്ഗീയ, തീവ്രവാദ പ്രസ്ഥാനങ്ങൾ പരസ്പരം ആക്രമണവും കൊലപാതകവും നടത്തി വർഗ്ഗീയ വിഭജനത്തിന് നടത്തുന്ന നീക്കങ്ങൾ അടിച്ചമർത്താൻ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. സാമുദായിക സ്പർദ്ധ ഉണ്ടാക്കുന്ന വിധം പ്രചാരണങ്ങൾ നടത്തുന്നവരെ കണ്ടെത്തുന്നതിനും അവരെ നിരീക്ഷിക്കുന്നതിനും പോലീസിന്റെ വിവിധ വിഭാഗങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ഇന്ത്യൻ പീനൽ കോഡിലെ വിവിധ വകുപ്പുകൾ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത്തരം പ്രസ്ഥാനങ്ങൾ സാമുദായിക വിദ്വേഷം ഉണ്ടാക്കുന്ന തരത്തിൽ ജാഥകളും യോഗങ്ങളും സംഘടിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ കർശന നടപടിയെടുത്തിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഒരു മുൻ എം.എൽ.എ.യും ഒരു കേന്ദ്ര സഹമന്ത്രിയും ഉൾപ്പെടെയുള്ളവർ വർഗ്ഗീയ വിദ്വേഷവും സാമുദായിക സ്പർദ്ധയും ഉണ്ടാക്കാൻ ശ്രമിച്ചതിനെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; ഇത്തരം മതവിദ്വേഷ പ്രസംഗം നടത്തിയതിന് അറസ്റ്റിലായ മുൻ എം.എൽ.എ.യെ പിന്തുണച്ചുകൊണ്ട് സാമുദായിക വിദ്വേഷം ഉണ്ടാക്കുന്ന തരത്തിൽ കേന്ദ്ര സഹമന്ത്രി പ്രതികരിച്ചത് സത്യപ്രതിജ്ഞ ലംഘനവും ഭരണഘടന നിരാസവുമായി കാണുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ? | (സി) | മുൻ എം.എൽ.എ വിവാദ പ്രസംഗം നടത്തിയ കാര്യത്തിൽ ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 677/2022 u/s 295 A, 153 (A) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ കൊച്ചിയിൽ ക്ഷേത്ര സപ്താഹത്തോടനുബന്ധിച്ച് നടന്ന യോഗത്തിലും മത വിദ്വേഷ പ്രസംഗം നടത്തിയതിനെതിരെ പാലാരിവട്ടം പോലീസ് സ്റ്റേഷനിലും ക്രൈം നം. 487/2022 u/s 153(A) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ